മാതൃഭൂമി

2014 ഫിബ്രവരി



'മാജിക് പ്ലാനറ്റി'ന്റെ പ്രഖ്യാപനച്ചടങ്ങ് നിർവഹിക്കാനെത്തിയ മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി ഗാന്ധിപാർക്കിലെ വേദിയിൽ മജീഷ്യൻ പ്രിൻസ് ശീൽ മാജിക് അവതരിപ്പിക്കാൻ കൊണ്ടുവന്ന തോക്കിൽ ഉന്നം പിടിച്ചപ്പോൾ. മജീഷ്യൻ പ്രിൻസ് ശീൽ, പി.എച്ച്. കുര്യൻ, മന്ത്രി കെ.സി. ജോസഫ്, മജീഷ്യൻ ഗോപിനാഥ് മുതുകാട് തുടങ്ങിയവർ സമീപം

## മാജിക് പ്ലാനറ്റിന് പ്രഖ്യാപനമായി

# വെടിയുണ്ട തടഞ്ഞ് പ്രിൻസ്

ഗാന്ധിപാർക്കിൽ തിങ്ങിക്കൂടിയ ജനക്കൂട്ടത്തിനിടയിലൂടെ ചീറിപ്പാഞ്ഞുവന്ന വെടിയുണ്ട കടിച്ചുപിടിക്കാൻ ഗാന്ധിപ്രതിമയ്ക്ക് താഴെ മാന്ത്രികൻ പ്രിൻസ് ശീൽ തയ്യാറായി നിന്നു. ഇതുകണ്ട് കാണികളും അന്തംവിട്ടു നിന്നു. നൂറു മീറ്ററോളം അകലെ ജനക്കൂട്ടത്തിനിടയിൽ നിന്ന് പ്രിൻസ് ശീലിന്റെ മരുമകൻ സുസ്മിത് ബസുവാണ് വെടിയുതിർത്തത്. വേദിയിൽ നിന്ന പ്രിൻസ് ശീൽ വെടിയേറ്റു വീണു. ആശങ്കയുടെ നിമിഷങ്ങൾ. നിലത്തുനിന്ന് പരസഹായത്തോടെ എഴുന്നേൽക്കുമ്പോൾ പല്ലുകൾക്കിടയിൽ കടിച്ചുപിടിച്ച വെടിയുണ്ടയുമായി പ്രിൻസ് ശീൽ. പിന്നെ നിലയ്ക്കാത്ത കൈയടി.

കിൻഫ്ര പാർക്കിൽ മാജിക് അക്കാദമി തുടങ്ങുന്ന മാജിക് പ്ലാനറ്റിന്റെ പ്രഖ്യാപന ചടങ്ങായിരുന്നു വേദി. പരിപാടിയിൽ പങ്കെടുക്കാനെത്തിയ മന്ത്രിമാരായ പി.കെ. കുഞ്ഞാലിക്കുട്ടി, കെ.സി. ജോസഫ്, വ്യവസായ സെക്രട്ടറി പി.എച്ച്. കുര്യൻ എന്നിവർ ചേർന്നാണ് തോക്കും തിരയും പരിശോധിച്ചത്. മന്ത്രി കെ. സി. ജോസഫ് തിരയിൽ അടയാളമിട്ടു. എല്ലാവർക്കും മുന്നിൽവെച്ച് പ്രിൻസ് ശീൽ തോക്കിൽ തിരനിറച്ച് മരുമകന് കൈമാറി. ജനക്കൂട്ടത്തിനിടയിൽ സ്ഥാപിച്ച ചില്ലുപാളി തകർത്താണ് വെടിയുണ്ട പ്രിൻസ് ശീലിന്റെ വായിലേക്ക് പാഞ്ഞത്.

താൻ അടയാളപ്പെടുത്തി നൽകിയ അതേ വെടിയുണ്ട തന്നെയാണ് ശീൽ പുറത്തെടുത്തതെന്ന് മന്ത്രി കെ.സി. ജോസഫ് സാക്ഷ്യപ്പെടുത്തി. ഇതോടെ വീണ്ടും കരഘോഷം ഉയർന്നു. തുടർന്ന് ശീലിന് മന്ത്രിമാരുടെ സാന്നിധ്യത്തിൽ ആദരവും നൽകി.

മാന്ത്രികപ്രദർശനത്തിനു മുമ്പ് നടന്ന ലളിതമായ ചടങ്ങിൽ മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി മാജിക് പ്ലാനറ്റിന്റെ ഔദ്യോഗിക പ്രഖ്യാപനം നടത്തി. മാജിക് പ്ലാനറ്റിനെപ്പറ്റിയുള്ള ആനിമേറ്റഡ് സി.ഡി. പ്രകാശനം മന്ത്രി കെ.സി. ജോസഫ് നിർവഹിച്ചു. പ്ലാനറ്റിന്റെ ലോഗോ 'ഹാരി' യെ മന്ത്രി വി.എസ്. ശിവകുമാർ അനാച്ഛാദനം ചെയ്തു. സംഗീത നാടക അക്കാദമി ചെയർമാൻ സൂര്യാകൃഷ്ണമൂർത്തി, കിൻഫ്ര എം.ഡി. രാംനാഥ്, രാജ് മോഹൻ, ജി. വേണുഗോപാൽ, ഡോ. ജോർജ് ഓണക്കൂർ, നെടുമുടി ഹരികുമാർ, മാജിക് അക്കാദമി എക്സിക്യൂട്ടീവ് ഡയറക്ടർ ഗോപിനാഥ് മുതുകാട് തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

മാജിക് പ്ലാനറ്റ് ഒക്ടോബർ 31നാണ് കഴക്കൂട്ടം കിൻഫ്ര പാർക്കിൽ തുറക്കുക. ശാസ്ത്രം, ഗണിതം, സാഹിത്യം തുടങ്ങിയവയിലെല്ലാം മാന്ത്രികഘടകങ്ങൾ കുട്ടികൾക്ക് അനുഭവിച്ചറിയാനുള്ള ഒട്ടേറെ വിനോദോപാധികളാണ് ഇവിടെ ഒരുക്കുന്നത്.